# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **910** — **09/8/2017** -ലെ മറുപടി

## കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണം

### ചോദ്യം

പ്രൊ. ആബിദ് ഹുസൈൻ തങ്ങൾ

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണം തുടർന്ന് നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ജലനിധിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കഞ്ഞിപ്പുര-മൂടാൽ റോഡിന്റെ പൈപ്പ് ലൈൻ മാറ്റുന്നതിനാവശ്യമായ എസ്റ്റിമേറ്റ് മലപ്പുറം വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ജലനിധിയുമായി യോജിപ്പിച്ച് പൈപ്പ് ലൈൻ മാറ്റുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കുവാൻ ആവശ്യമായ നിർദ്ദേശം ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകുമോ;

(ഡി) പൈപ്പ് ലൈൻ മാറ്റുന്നതിനാവശ്യമായ ഫണ്ട് ജലനിധിയിൽ നിന്നും വഹിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

### മറുപടി

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും

പ്രസ്തുത പൈപ്പ് ലൈൻ ജലനിധിയുടേതല്ല. കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിൽ കൂടി ജലനിധി ഉൾപ്പെട്ട കുറ്റിപ്പുറം പഞ്ചായത്തിലേക്ക് ബൾക്ക് വാട്ടർ സപ്ലൈ കൊടുക്കുന്നതിനു വേണ്ടി 200 എം.എം. DI പൈപ്പ് കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. ബൈപ്പാസ് വീതി കൂട്ടുന്ന പ്രവൃത്തി നടന്നാൽ പ്രസ്തുത പൈപ്പ്, റോഡിന്റെ മദ്ധ്യ ഭാഗത്തേക്ക് മാറും. അതിനാൽ ബൈപ്പാസ് റോഡ് വീതി കൂട്ടുന്ന പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് ഈ പൈപ്പ് ലൈൻ റോഡിന്റെ സൈഡിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഘട്ടമായ 2100 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 2014 DSR പ്രകാരം 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/